കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

നം. ബി3/860/2021

09.04.2021

<u>പ്രസിദ്ധീകരണത്തിന്</u>

# കേരള സംഗീത നാടക അക്കാദമി

## അമേച്വർ/പ്രൊഫഷണൽ കലാസമിതികളിൽ നിന്ന് അംഗീകാരത്തിന് അപേക്ഷ ക്ഷണിച്ചു.

കേരള സംഗീത നാടക അക്കാദമിയുടെ അംഗീകാരത്തിനു വേണ്ടി അമേച്വർ കലാസമിതി/പ്രൊഫഷണൽ നാടകസംഘം/പ്രൊഫഷണൽ കലാസമിതി/മറുനാടൻ മലയാളി കലാസമിതി/പ്രവാസി കലാസംഘടന എന്നിവയിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഒരു വർഷമെങ്കിലും പ്രവർത്തനം പൂർത്തിയാക്കിയ സമിതികൾക്ക് അംഗീകാരത്തിന് അപേക്ഷിക്കാം. വായനശാലകൾ ഉൾപ്പെടെ ഇതര സ്ഥാപനങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്ന കലാസമിതികൾക്ക് പ്രത്യേകമായ നിയമാവലിയും ഭരണസമിതിയും ഉണ്ടെങ്കിൽ അംഗീകാരം നേടാവുന്നതാണ്. സമിതികളുടെ സൊസൈറ്റീസ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റേയും നിയമാവലിയുടേയും പകർപ്പും പ്രവർത്തന റിപ്പോർട്ടും ഭാരവാഹികളുടെ പേരും പ്രൊഫഷണൽ കലാസമിതികൾ രംഗാവതരണം നടത്തിയ നോട്ടീസുകളും സഹിതം അപേക്ഷിക്കേണ്ടതാണ്.

അപേക്ഷാഫോറങ്ങൾക്ക് (പ്രൊഫഷണൽ/അമേച്വർ - ഇതിൽ ഏത് ഫോറമാണ് വേണ്ടതെന്ന് കാണിച്ചിരിക്കണം) സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ - 20 എന്ന വിലാസത്തിൽ 5/-രൂപയുടെ തപാൽസ്റ്റാമ്പൊട്ടിച്ച് സ്വന്തം മേൽവിലാസമെഴുതിയ കവർസഹിതം അപേക്ഷിക്കേണ്ടതാണ്. കൂടാതെ അപേക്ഷാഫോറം അക്കാദമിയുടെ www.keralasangeethanatakaakademi.in വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ മെയ് 15 നകം അക്കാദമിയിൽ ലഭിച്ചിരിക്കണം.

കലാസമിതികൾക്ക് (അമേച്വർ/പ്രൊഫഷണൽ) ഒരു വർഷം മുതൽ അഞ്ച് വർഷം വരെയുള്ള കാലയളവിലേക്ക് അക്കാദമിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഇപ്പോൾ അയക്കേണ്ടതില്ല. അംഗീകാരം അനുവദിച്ചു കൊണ്ടുള്ള അറിയിപ്പ് അക്കാദമിയിൽ നിന്ന് ലഭിച്ചതിനുശേഷം അയച്ചുതന്നാൽ മതിയാകും.

2021 മാർച്ചിൽ അംഗീകാര കാലാവധി അവസാനിച്ച സമിതികൾക്ക് 2021 ജൂൺ 30 വരെ ഈ വർഷം പിഴ ഇല്ലാതെ രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്.

ഡോ. പ്രഭാകരൻ പഴശ്ശി
സെക്രട്ടറി